# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. T*114</u>

<u>12.03.2015-ൽ മറുപടിയ്ക്ക്</u>

## <u>ലൈറ്റ് മെട്രോ പദ്ധതികൾ</u>

**<u>ചോദ്യം</u>**

**ശ്രീ. തോമസ് ചാണ്ടി**

**,, എ.കെ.ശശീന്ദ്രൻ**

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ മാത്രമേ നടപ്പാക്കാനാകുകയുള്ളു എന്ന് സംസ്ഥാന ആസൂത്രണ ബോർഡ് അറിയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പിനായി എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) നടപ്പ് സാമ്പത്തിക വർഷം തന്നെ പദ്ധതി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

**<u>മറുപടി</u>**

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**

(പൊതുമരാമത്ത് വകുപ്പുമന്ത്രി)

(എ) ലൈറ്റ് മെട്രോ പദ്ധതി, പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിന്റെ വിവിധ വശങ്ങൾ പരിശോധിക്കാനാണ് പ്ലാനിംഗ് ബോർഡ് നിർദ്ദേശിച്ചിരുന്നത്.

<u>(ബി) & (സി):</u>

പ്ലാനിംഗ് ബോർഡിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ DMRC ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. പദ്ധതി PPP മോഡലിൽ നടപ്പാക്കുന്നതിലെ പ്രായോഗിക പ്രശ്നങ്ങൾ DMRC ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. വിശദമായ പരിശോധനക്കുശേഷം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**